സെക്സ് ടൂറിസവ്യാപ നയത്തിനെതിരെ നടപടി

288 [191] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

,, *പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ *വി. ചെന്താമരാക്ഷൻ:*

,, *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പല സ്ഥലങ്ങളും സെക്സ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി മാറിയിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ടൂറിസ്റ്റ്കേന്ദ്രമായ കോവളത്ത് വനിതാ കമ്മീഷൻ സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഇത്തരത്തിലൊരു പഠനറിപ്പോർട്ട് അവതരിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ലൈംഗികചൂഷണം അവസാനിപ്പിക്കാൻ ടൂറിസം വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു;

(ഇ) സെക്സ് ടൂറിസം സംബന്ധിച്ച് വനിതാ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് ടൂറിസം വകുപ്പ് പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)—(ഇ) വനിതാ കമ്മീഷൻ കോവളത്ത് നടത്തിയ ശിൽപ്പശാലയിൽ സെക്സ് ടൂറിസം സംബന്ധിച്ച ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വനിതാ കമ്മീഷൻ ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly